# കേരള സർക്കാർ

## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്

**2020 ജനുവരി 16 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**

**videos: http://www.clipmail.kerala.gov.in**

**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 3

## ഐ എം വിജയൻ സ്റ്റേഡിയത്തിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കും - മന്ത്രി വി എസ് സുനിൽകുമാർ

ലാലൂരിൽ നിർമാണം നടന്നുകൊണ്ടിരിക്കുന്ന ഐ എം വിജയൻ സ്റ്റേഡിയത്തിന്റ പണി സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ. സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ലാലൂരിൽ സന്ദർശനം നടത്തുകയായിരുന്നു മന്ത്രി. 116 കോടി രൂപ ചെലവഴിച്ചാണ് കേരളത്തിലെ ഏറ്റവും വലുതും ദക്ഷിണേന്ത്യയിലേക്ക് വെച്ച് മികച്ചതുമായ അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയം നിർമ്മിക്കുന്നത്. പണി തുടങ്ങി 6 മാസംകൊണ്ട് 44 കോടി രൂപയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി. പണി തുടങ്ങിയപ്പോൾ മാലിന്യ നിർമാർജ്ജന പ്ലാന്റ് പണിയാൻ തുടങ്ങുന്നു എന്ന അഭ്യൂഹം പരന്നപ്പോൾ പല തരത്തിലുള്ള തടസ്സങ്ങൾ ഈ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് നേരിട്ടിരുന്നു. ദ്രുതഗതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നതെന്നും, അടുത്ത വർഷം തന്നെ പണി പൂർത്തീകരിക്കുമെന്നും മന്ത്രി പറഞ്ഞു. പ്ലാൻ വിശദമായി പരിശോധിച്ച ശേഷം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തന പുരോഗതികൾ മന്ത്രി വിലയിരുത്തി. ടെന്നീസ് കോർട്ട്, ഹോക്കി കോർട്ട്, ഫുട്ബോൾ കോർട്ട്, ഇൻഡോർ കോർട്ട്, സ്വിമ്മിംഗ് പൂൾ, കായിക താരങ്ങൾക്ക് താമസിക്കാൻ എ.സി മുറികൾ, ഗ്യാലറി, പവിലിയൻ, ടോയ് ലറ്റ് ബ്ലോക്ക്, ചേഞ്ചിങ് റൂം, അഡ്മിൻ ബ്ലോക്ക്, സെക്യൂരിറ്റി ക്യാബിൻ എന്നിങ്ങനെ അന്തർദേശീയ മത്സരങ്ങൾ നടത്താൻ വേണ്ട എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയാണ് സ്റ്റേഡിയം നിർമ്മിക്കുന്നത്. കോർപറേഷൻ മേയർ അജിത വിജയൻ, കൗൺസിലർമാരായ ലാലി ജെയിംസ്, രജനി വിജു, ഡി പി സി മെമ്പർ വർഗീസ് കണ്ടംകുളത്തി, അനൂപ് കാട എന്നിവർ മന്ത്രിയെ അനുഗമിച്ചു.

## നഗര പാർക്കിംഗ് കരട് നയാവതരണം ജനുവരി 20 ന്

തൃശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ പാർക്കിംഗ് നയം സംബന്ധിച്ച കരട് രേഖയുടെ അവതരണം ജനുവരി 20 രാവിലെ 11.30 ന് ജില്ലാ ആസൂത്രണ സമിതി ഹാളിൽ കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. മേയർ അജിത വിജയൻ അദ്ധ്യക്ഷത വഹിക്കും. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്ന യോഗ തീരുമാനമനുസരിച്ച് കഴിഞ്ഞ ഏപ്രിൽ മുതലാണ് തൃശൂർ നഗരത്തിലുള്ള പാർക്കിംഗ് നയം രൂപീകരിക്കുന്നതിനുള്ള പ്രവൃത്തികൾ തുടങ്ങിയത്. നഗരത്തിലെ തെരഞ്ഞെടുത്ത മുഖ്യകേന്ദ്രങ്ങളിൽ നടത്തിയ സർവെ വഴി വിവരശേഖരണം നടത്തിയാണ് കരട് നയത്തിൽ രൂപം നൽകിയത്. മുഖ്യനഗരാസൂത്രകന്റെ അംഗീകാരം ലഭിച്ച കരട് നയം വിദഗ്ധ സമിതിക്ക് മുൻപാകെ ജനുവരി 20 ന് അവതരിപ്പിക്കും.

# ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്
# ലൈഫ് ഗുണഭോക്തൃ സംഗമവും അദാലത്തും

ഭവന നിർമ്മാണ പദ്ധതിയിൽ കേരളം ഒന്നാമതാണെന്നും വിദേശരാജ്യങ്ങളിൽ നിന്ന് പോലും കേരളത്തിലെ നഗരസഭ പ്രവർത്തനങ്ങൾ പഠിക്കാൻ ഉദ്യോഗസ്ഥർ എത്തുന്നുണ്ടെന്നും കെ. വി അബ്ദുൾഖാദർ എംഎൽഎ പറഞ്ഞു. ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ഭവന നിർമ്മാണം പൂർത്തീകരിച്ച 600 ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നീതി ആയോഗ് കണക്കുപ്രകാരം ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നത് കേരളത്തിലാണെന്നും അദ്ദേഹം പറഞ്ഞു.

ഭൂരഹിത ഭവനരഹിതർക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിന് സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശത്തോടെയാണ് കേരള സർക്കാർ ലൈഫ് മിഷൻ നടപ്പാക്കിവരുന്നത്. സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കാൻ വേണ്ടിയാണ് കുടുംബസംഗമത്തോടൊപ്പം അദാലത്തും സംഘടിപ്പിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. മുസ്താഖ് അലി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ബ്ലോക്ക് സെക്രട്ടറി കെ. എം വിനീത് റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുസ്താഖ് അലിക്ക് പച്ചക്കറി തൈകൾ നൽകിയാണ് എംഎൽഎ ജീവനി പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്.

ചാവക്കാട് ബ്ലോക്കിന് കീഴിൽ വരുന്ന പഞ്ചായത്ത് പ്രസിഡന്റുമാരായ പി. വി ഉമ്മർ കുഞ്ഞ്, പി. പി മൊയ്തീൻ, ബുഷ്റ കുന്നമ്പത്ത്, എ. ഡി ധനീപ്, മറിയു മുസ്തഫ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. റേഷൻ കാർഡ് തിരുത്തൽ, ആധാർ, വോട്ടർ ഐഡന്റിറ്റി കാർഡ്, ഗ്രോബാഗുകൾ, നൂതന കൃഷിരീതി ബോധവൽക്കരണ ക്ലാസ്, അലങ്കാര മത്സ്യകൃഷി, വനിത ശിശു ക്ഷേമ വികസന പദ്ധതികൾ തുടങ്ങി വിവിധ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അദാല ത്തിന്റെ കൗണ്ടറുകളിൽ നൽകി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നസീമ സ്വാഗതവും ജോയിന്റ് ബി.ഡി.ഒ രേണുക നന്ദിയും പറഞ്ഞു.

# പാറന്നൂർ ചിറയ്ക്ക് സംരക്ഷണഭിത്തിയായി

ചൂണ്ടൽ പഞ്ചായത്തിലെ പാറന്നൂർ ചിറയുടെ സംരക്ഷണ ഭിത്തി നാടിന് സമർപ്പിച്ചു. 2019 -20 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയാണ് ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപ ചെലവിൽ പാറന്നൂർ ചിറയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിച്ചത്.

സംരക്ഷണഭിത്തി സമർപ്പണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവ്വഹിച്ചു. ചൂണ്ടൽ പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്.കരീം അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് രേഖ സുനിൽ, ജില്ലാ പഞ്ചായത്തംഗം എം.പത്മിനി ടീച്ചർ, ത്രിതല പഞ്ചായത്ത് അംഗങ്ങളായ ജെയ് സൺ ചാക്കോ, എൻ.എ. ഇക്ബാൽ, എം.ബി പ്രവീൺ, പ്രീതി സുരേഷ്, ആൻസി വില്യംസ്, ഷീജ അശോകൻ, പി.കെ.സുഗതൻ, യു.വി. ജമാൽ, സ്നുഗിൽ സുബ്രഹ്മണ്യൻ, ടി.എ. മുഹമ്മദ് ഷാഫി, വി.സി.സിനി, ആസൂത്രണ സമിതി ഉപാധ്യക്ഷൻ ജെയിംസ് ചിറയത്ത് തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ചൂണ്ടൽ പാറന്നൂർ ചിറയുടെ സംരക്ഷണ ഭിത്തി സമർപ്പണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് നിർവഹിക്കുന്നു.***

# കോലഴി പഞ്ചായത്ത് പാലിയേറ്റീവ്
# കെയർ ദിനാചരണം നടത്തി

കിടപ്പ് രോഗികളുടെ പരിചരണം സാമൂഹിക പങ്കാളിത്തത്തോടെ എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് കോലഴി ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയർ ദിനാചരണം നടത്തി. അഭയകേന്ദ്രങ്ങളല്ല വീടുകൾ ആകണം പരിചരണകേന്ദ്രങ്ങൾ എന്നതാണ് ഈ വർഷത്തെ പാലിയേറ്റീവ് ദിനത്തിന്റെ സന്ദേശം. ദിനാചരണം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

സി.വി.കുരിയാക്കോസ് ഉദ്ഘാടനം ചെയ്തു. കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ജി. ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു.

കോലഴി ഗ്രാമപഞ്ചായത്തിന്റേയും പ്രാഥമികാരോഗ്യകേന്ദ്രത്തിന്റേയും നേതൃത്വത്തിൽ 108 രോഗികൾക്ക് ആഴ്ചയിൽ നാല് ദിവസം ഹോം കെയർ നടത്തി വരുന്നുണ്ട്. ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, ആശാ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഹോംകെയർ പ്രവർത്തനം നടത്തുന്നത്. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ സെക്കന്ററി വിദഗ്ദ്ധ പാലിയേറ്റീവ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു.

# ദുരന്ത നിവാരണ പദ്ധതിയുമായി മുളംകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്

മുളംകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് കിലയുടെ സാങ്കേതിക സഹായത്തോടെ ദുരന്ത നിവാരണ പദ്ധതിക്ക് രൂപം നൽകുന്നു. പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥ വ്യതിയാനവും അനുദിനം വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രാദേശിക ദുരന്ത നിവാരണ പദ്ധതിക്കുള്ള പ്രാധാന്യം കണക്കിലെടുത്താണ് ഇത്. വെള്ളപ്പൊക്കം, വരൾച്ച, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ വെല്ലുവിളിയാകുന്ന ഈ കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കർമ്മ പദ്ധതിക്കാണ് പഞ്ചായത്ത് രൂപം നൽകുന്നത്. പ്രാദേശികമായി ലഭ്യമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചും പരിശീലനം ലഭിച്ച ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് അവസ്ഥാപഠനം നടത്തിയുമാണ് കരട് ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുക. ഇത് ഗ്രാമ സഭകളിൽ അവതരിപ്പിച്ചും ചർച്ച നടത്തും. ചർച്ചയിലെ നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ചാണ് അന്തിമ ദുരന്ത നിവാരണ പദ്ധതി ആവിഷ് കരിക്കുക. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനം കിലയിൽ പൂർത്തിയായി. പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി, കില വിദഗ്ധരായ വി വി സുധാകരൻ, വി മനോജ് കുമാർ, കെ കുമാരൻ, അബ്ദുൾ റസാഖ്, ജയദേവൻ, എൽസ ജോർജ്, പഞ്ചായത്ത് മെമ്പർമാർ, നിർവ്വഹന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മുളംകുന്നത്തുകാവ് പഞ്ചായത്തിൽ പ്രതിഭാപോഷിണി പരിപാടി ഇന്ന്

മുളംകുന്നത്തുകാവ് ഗ്രാമ പഞ്ചായത്തിൽ പ്രതിഭാപോഷിണി വിദ്യാഭ്യാസ ഗുണമേന്മാ പരിപാടിയുടെ ഉദ്ഘാടനം ഇന്ന് (ജനു17) രാവിലെ 11.30 ന് പഞ്ചായത്ത് ഹാളിൽ നടക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്യും. പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി അധ്യക്ഷത വഹിക്കും. എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായി നടത്തുന്ന പരിശീലന പരിപാടിയാണ് പ്രതിഭാപോഷിണി. മുളങ്കുന്നത്തുകാവ് പഞ്ചായത്തും പുഴയ്ക്കൽ ബ്ലോക്ക് റിസോഴ്സ് സെന്ററും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

# നഗരത്തിൽ പോലീസിന്റെ ഹെൽമെറ്റ് ബോധവൽക്കരണം

നഗര തിരക്കിൽ പോലീസിന്റെ ഹെൽമെറ്റ് ബോധവൽക്കരണം. ഇരു ചക്ര വാഹനങ്ങളിലെ പിൻ സീറ്റ് യാത്രക്കാർക്ക് ഹെൽമെറ്റ് നിർബന്ധമാക്കുന്നതിന് വേണ്ട ബോധവൽക്കരണവുമായാണ് പോലീസ് രംഗത്തെത്തിയത്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹെൽമെറ്റില്ലാതെ ഇരുചക്ര വാഹനങ്ങളുടെ പുറകിലിരുന്ന് വരുന്നവരുടെ വീഡിയോ മൈബൈലിൽ ചിത്രീകരിക്കുകയും അവരെ തടഞ്ഞു നിർത്തി ബോധവൽക്കരണ ലഘു ലേഖ നൽകുകയും ചെയ്തു. മൂന്ന് തവണ ഹെൽമെറ്റ് ഇല്ലാതെ പിടിക്കപ്പെട്ടാൽ നിയമ ലംഘകർക്ക് പിഴ ചുമത്തുന്നതിനൊപ്പം വാഹനം ഓടിച്ചയാളുടെ ലൈസൻസും റദ്ദാക്കും. ഹെൽമെറ്റ് നിർബന്ധമാക്കുക എന്നതിനോടൊപ്പം ഇടത് വശത്ത് കൂടിയുള്ള ഓവർടേക്കിങ് ഒഴിവാക്കുക, രാത്രി കാലങ്ങളിൽ ഡിം ലൈറ്റിൽ വാഹനം ഓടിക്കുക, ടിപ് ആൻഡ് ഡിം ലൈറ്റുകൾ ഉപയോഗിക്കുക, റോഡ് നിയമങ്ങൾ പാലിക്കുക എന്നിവയും ബോധവൽക്കരണത്തിന്റെ ഭാഗമായി.

സ്വജീവൻ സ്വരക്ഷ നന്മക്കായി എന്ന ആപ്ത വാക്യത്തിൽ ഊന്നിയാണ് നിയമം ലംഘിക്കുന്നവർക്കിടയിൽ അവബോധം നടത്തിയത്.

## അദ്ധ്യാപകനെ സസ്പെന്റ് ചെയ്തു

ഹിന്ദി ഭാഷ പഠിപ്പിക്കുന്നതിനിടെ അശ്ലീല ചുവയോടും മതസ്പർദ്ധ വളർത്തുന്ന തരത്തിലും വിദ്യാർത്ഥിനികളോട് സംസാരിച്ച കൊടുങ്ങല്ലൂർ ഗവ. ഗേൾസ് ഹൈസ്കൂളിലെ അദ്ധ്യപകൻ കെ കെ കലേശനെ സസ്പെന്റ് ചെയ്തതായി തൃശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ നേരിട്ട് നടത്തിയ അന്വേഷണത്തെ തുടർന്നാണിത്. ഹിന്ദിഭാഷ പഠിപ്പിക്കുന്നതിനിടയിൽ പാഠ്യവിഷയമല്ലാത്ത ബയോളജിയും സാമൂഹ്യശാസ്ത്രവും ക്ലാസ്സെടുക്കുകയും അശ്ലീലചുവയോടും മതസ്പർദ്ധ വളർത്തുന്ന വിധത്തിലും വിദ്യാർത്ഥിനികളോട് സംസാരിച്ചതും പൗരത്വ നിയമഭേദഗതിയുടെ പേരിൽ കുട്ടികൾ പാക്കിസ്ഥാനിലേക്ക് പോകാൻ തയ്യാറാകണമെന്ന് പറഞ്ഞതും ഗൗരവതരമായ അച്ചടക്കലംഘനമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.